Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

5183-D-2016-KSHO 15/11/2018

പ്രേഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോർഡിനേറ്റർമാർക്കും

സർ/മാഡം,

വിഷയം: കുടുംബശ്രീ - ആദ്യഘട്ട 53 ദിവസത്തെ പരിശീലനം വീട് നിർമ്മിച്ച് പൂർത്തീകരിച്ച കുടുംബശ്രീ അംഗങ്ങൾക്ക് രണ്ടാമത്തെ ഭവന നിർമ്മാണത്തിന് മേൽനോട്ടത്തിനായി സഹായം നൽകുന്നത് - സംബന്ധിച്ച്

സൂചന:

1. 15.10.2018, 16.10.2018 തീയതിയിൽ സംസ്ഥാന മിഷനിൽ വച്ച് നടന്ന പ്ലാൻ റിവ്യൂ മീറ്റിംഗിന്റെ തീരുമാന പ്രകാരം
2. 17.10.2018 ലെ പത്തനംതിട്ട ജില്ലയിൽ ഒന്നാംഘട്ട നിർമ്മാണ പരിശീലനം പൂർത്തീകരിച്ച അംഗങ്ങൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്

സൂചന (1) കുടുംബശ്രീയുടെ നേതൃത്വത്തിൽ ജില്ലകളിൽ രൂപീകരിച്ച് വരുന്ന നിർമ്മാണ ഗ്രൂപ്പുകൾക്ക് ഭവനങ്ങൾ നിർമ്മിച്ച്കൊണ്ട് ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചു വരുന്നതായി അറിയുവാൻ സാധിച്ചു. ഇതിൽ പുതുതായി കണ്ടെത്തിയ 417 ഗ്രൂപ്പുകളിൽ 202 ഗ്രൂപ്പുകൾ മുഖാന്തിരം 93 ദിവസങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി അറിയുവാൻ സാധിച്ചു. ഇങ്ങനെ ആദ്യഘട്ട പരിശീലനം പൂർത്തീകരിക്കുന്ന യൂണിറ്റുകളെ ഗ്രൂപ്പായി തിരിച്ച് ഇവരെ ഉൾപ്പെടുത്തി ഓരോ വീടുകൾ കൂടി നിർമ്മിക്കേണ്ടതായിട്ടുണ്ട്.

സൂചന (2) പ്രകാരവും സൂചന (1) ൽ നടന്ന ചർച്ച പ്രകാരവും, ഒന്നാംഘട്ട പരിശീലനം പൂർത്തീകരിച്ച അംഗങ്ങൾക്ക് സ്വതന്ത്രരായ രീതിയിൽ ജോലി ചെയ്യുന്നതിനായി രണ്ടാംഘട്ട പരിശീലനം ഒരു വീട്കൂടി നിർമ്മിച്ച്കൊണ്ട് പൂർത്തീകരിക്കുവാൻ സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സൂചന പ്രകാരമുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഒന്നാംഘട്ട പരിശീലനം ഒരു വീട് നിർമ്മിച്ചുകൊണ്ട് പൂർത്തിയാക്കിയ ഗ്രൂപ്പുകളിൽ രണ്ടാംഘട്ട പരിശീലനം ആവശ്യമായുള്ളവർക്ക് ആ ഗ്രൂപ്പ് സ്വന്ത്രമായി ഒരു വീട് നിർമ്മാണം ഏറ്റെടുത്ത് രണ്ടാംഘട്ട പരിശീലനത്തിന് തയ്യാറായി വരുകയാണെങ്കിൽ ഈ പ്രായോഗിക പരിശീലനത്തിന് ഒരു മേസൺന്റേയോ, അല്ലെങ്കിൽ അംഗീകൃത പരിശീലന ഏജൻസിയുടെയോ മേൽനോട്ടത്തിൽ ഒരു ദിവസം 1000 രൂപ അടിസ്ഥാനത്തിൽ 40 ദിവസത്തേയ്ക്ക് 40000 രൂപയും, 10000 രൂപ സാങ്കേതിക സഹായത്തിനും ചേർത്ത് 50000 രൂപയിൽ കവിയാത്ത രീതിയിൽ ജില്ലാമിഷന് തുക വിനിയോഗിക്കാവുന്നതാണ്. ഈ പരിശീലനത്തിന് പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്ത, ക്ഷാമബത്ത, സ്റ്റൈഫന്റ് എന്നിവ നൽകേണ്ടതില്ല.

വിശ്വസ്തതയോടെ,
(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (എം.ഇ)

TRIDA Building, Medical College P.O, Thiruvananthapuram 695011
T. 0471 255 4714, 255 4715(0) F. 0471 255 4717
info@kudumbashree.org www.kudumbashree.org